# ഗവണ്മെന്റ് എൽ.പി. സ്കൂൾ, ബീരിച്ചേരി
## അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

## വഴിവിളക്ക്

**ആമുഖം**

അജ്ഞതയുടെ നിഴലിനെ വകഞ്ഞുമാറ്റി അറിവിന്റെ പ്രകാശം പരത്തുന്ന മാസ്മരികവിദ്യയാണ് വിദ്യാഭ്യാസം. കേവലം പാഠഭാഗങ്ങൾ പഠിക്കലല്ല മറിച്ച് ജീവിതം പഠിക്കലാണ് വിദ്യാഭ്യാസം. ക്ലാസ്സ് മുറിയിലിരുന്നുകൊണ്ട് നാല് ചുവരിനപ്പുറത്തെ വിശാലലോകത്തെപ്പറ്റി അറിയാനുള്ള വാതായനം വ്യത്യസ്ത നിരീക്ഷണത്തിലൂടെ വ്യത്യസ്ത ഭാഷയിലൂടെ കുട്ടിക്കായി തുറന്നുനൽകുന്നു. ഇതിനായി ഓരോ വിദ്യാലയവും അറിവിന്റെ പുത്തൻപാതകൾ സൃഷ്ടിച്ചു കൊണ്ടേ യിരിക്കുന്നു.

ഈ പഠനയാത്രയിൽ ജി.എൽ.പി.എസ്.ബീരിച്ചേരി സ്കൂൾ അതിന്റെ പരിമിതിക്കുള്ളിൽ നിന്ന്കൊണ്ട് മാറ്റത്തിന്റെ പുത്തൻ വഴിത്താരയിലേക്ക് നൂതന അക്കാദമികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി 2024-25 അധ്യയന വർഷത്തെ അക്കാദമികമാസ്റ്റർപ്ലാനിന് രൂപം നൽകിയിരിക്കുകയാണ്. വിദ്യാലയ ത്തിന്റെ സവിശേഷ ചുറ്റുപാടിന് ഇണങ്ങുന്ന രീതിയിൽ ആവശ്യാധിഷ്ഠിതവും അവകാശാധിഷ്ഠിതവുമായ രീതിയിലുള്ള ഈ നൂതന മാസ്റ്റർപ്ലാൻ, നവകേരള സൃഷ്ടിക്കുള്ള ഒരു ചുവടുവെപ്പുകൂടിയാണ്.

വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയുടെയും ഗുണമേന്മാവിദ്യാഭ്യാസം ലക്ഷ്യം വച്ചുകൊണ്ട് എല്ലാ വിഷയങ്ങളിലുമൂന്നി ഭിന്നതല പ്രവർത്തനങ്ങൾ ചിട്ട യായി ആസൂത്രണം ചെയ്തിട്ടുണ്ട്. ജീവിത വെല്ലുവിളികളെ നേരിടാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നതും മുഖ്യലക്ഷ്യമാണ്.

**ലക്ഷ്യങ്ങൾ**

- ☑ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- ☑ മുഴുവൻ സമയവും കുട്ടികളോടൊപ്പം അധ്യാപകൻ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ☑ പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക.
- ☑ കണക്ക് ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും ഉണ്ടാക്കുക.
- ☑ പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും കൈവരിക്കുക.
- ☑ സാമൂഹ്യബോധം, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക.
- ☑ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക.
- ☑ ഓരോ കുട്ടിയും മാതൃഭാഷ, ഇംഗ്ലീഷ് എന്നിവയിൽ ആശയവിനിമയശേഷി നേടുക.
- ☑ പിന്നോക്ക പ്രവർത്തനങ്ങളോടൊപ്പം തന്നെ മുന്നോക്കക്കാരായ കുട്ടികൾക്കുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ☑ 1-4 ക്ലാസ്സുകളിൽ പ്രതീക്ഷിത ധാരണ, ശേഷി ഇവ ഉറപ്പുവരുത്തുക.
- ☑ എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.
- ☑ ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- ☑ വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- ☑ തുടർച്ചയായും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമാക്കുക.
- ☑ പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയുമാക്കുന്നതിന് ക്യാമ്പസ്തന്നെ ഒരു പാഠപുസ്തകമാക്കുക.
- ☑ CWSN കുട്ടികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.

**വിദ്യാലയ-ലഘുചരിത്രം**

തൃക്കരിപ്പൂർ പഞ്ചായത്തിൽ ബീരിച്ചേരി ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഗവ: എൽ.പി.സ്കൂൾ 1942 ലാണ് സ്ഥാപിതമായത്. ബീരിച്ചരിയിലേയും സമീപപ്രദേ ങ്ങളിലേയും ജനങ്ങളുടെ വിദ്യാഭ്യാസം മുൻനിർത്തി വി.പി.പി.മുഹമ്മദ് കുഞ്ഞി പട്ടേലരാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. തുടക്കത്തിൽ 5-ാം തരം വരെയുണ്ടായിരുന്ന സ്കൂൾ പിന്നീട് 4-ാം തരം വരെയുള്ള സ്കൂളായി പ്രവർത്തിച്ചുവരുന്നു.

മുൻപ് സ്കൂൾ നിലനിന്നിരുന്ന സ്ഥലത്തു നിന്നും 200 മീറ്റർ പടിഞ്ഞാറു ഭാഗത്തായി റോഡിന്റെ തിരക്കിൽ നിന്ന് ഒഴിഞ്ഞ് പി.ടി.എ വിലയ്ക്കുവാങ്ങിയ 13 സെന്റ് സ്ഥലത്ത് 2 മുറികളോടുകൂടിയ ഒരു കെട്ടിടം ഒ.ബി.ബി. സ്കീമിൽ 1990-91- ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഡി.പി.ഇ.പി പദ്ധതിപ്രകാരം 96-97 ൽ ഒരു ക്ലസ്റ്റർ മുറിയും ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ഒരു ക്ലാസ്സ് മുറിയും പി. ടി.എ നിർമ്മിച്ചു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ക്ലാസ്സുകൾ 97-98ൽ പുതിയ ക്ലാസ്സ് മുറിയിലേക്ക് മാറ്റി.

1998-99 ൽ ഡി.പി.ഇ.പി പദ്ധതി പ്രകാരം ഒരു ക്ലാസ്സ് മുറിയും ബ്ലോക്ക് പഞ്ചായത്ത് വക മറ്റൊരു ക്ലാസ്സ് മുറിയും അനുവദിക്കപ്പെട്ടു. കെട്ടിടത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയെങ്കിലും കുട്ടികളുടെ ആരോഗ്യ കായിക മാനസിക വികസനത്തിന് ഉതകുന്ന തരത്തിൽ ഒരു കളിസ്ഥലം ഇല്ല എന്നത് വലിയ പോരായ്മയായി ഇന്നു നിലനിൽക്കുന്നു.

എസ്.എസ്.എ വകയായി 2014-15ൽ ഓഫീസ് മുറിയും പഞ്ചായത്തിന്റെ സഹായത്തോടെ ഒന്നാം ക്ലാസ്സും സ്റ്റോർ മുറിയും വരാന്തയുടെ കുറച്ചുഭാഗവും ടൈൽസ്പാകി പൊടി രഹിതമാക്കുകയും ഉച്ചഭക്ഷണം കഴിക്കുന്നതിനായി സംവിധാനം ഒരുക്കുകയും ചെയ്തു.

2016 മെയ് മാസത്തോടുകൂടി ഒരു ക്ലാസ്സ് എം.എൽ.എയുടെ വകയായി സ്മാർട്ടാക്കി മാറ്റി. ഇനി 2, 3 ക്ലാസുകൾ ടൈൽപാകി പൊടി രഹിതമാക്കേണ്ടതുണ്ട്.

സമീപ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഇംഗ്ലീഷ് മിഡീയം, അൺ എയ്ഡഡ് സ്കൂൾ വാഹന സൗകര്യമുള്ള മറ്റ് സ്കൂളുകൾ എന്നിവയിലേക്കുള്ള പ്രവേശനം സ്കൂളിലേക്കുള്ള കുട്ടികളുടെ പ്രവേശനം കുറയാൻ ഇടവരുത്തുന്നു.

## നിലവിലുള്ള അവസ്ഥ

| വിഭാഗം | എണ്ണം | സ്ഥിരം ജീവനക്കാർ |
|---|---|---|
| ഹെഡ്മാസ്റ്റർ | 1 | 1 |
| പി.ഡി.ടീച്ചർ | 1 | 1 |
| എൽ പി.എസ്.എ | 1 | 1 |
| എൽ.പി.എസ്.ടി | 1 | 1 |
| അറബിക് ഫുൾടൈം | 1 | 1 |
| പി.ടി.സി.എം | 1 | 1 |
| പ്രീ-പ്രൈമറി | 1 | 1 |

സംസ്ഥാന സർക്കാരിന്റെ എല്ലാവിധ കോഴ്സുകളിലും പങ്കെടുത്തവരാണ് അധ്യാപികമാർ. ഓരോ ആഴ്ചയിലും എസ്.ആർ.ജി യും ചുരുങ്ങിയത് 2 മാസത്തിലൊരിക്കൽ സി.പി.ടി.ഏ യും വിളിച്ചു ചേർത്ത് കുട്ടികളുടെ പഠനനിലവാരം, പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്.

**പ്രശ്നങ്ങൾ:**

കേവലം 13 സെന്റ് സ്ഥലത്താണ് സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്നത്. സ്ഥല പരിമിതിയാണ് ഈ വിദ്യാലയത്തിന്റെ ഏറ്റവും വലിയ പോരായ്മ. ഇതുമൂലം കുട്ടികളുടെ കായിക വികാസത്തിന് വളരെ പ്രയാസം നേരിടുന്നു. എല്ലാ ക്ലാസ്സ് മുറികളും ഐ.ടി അധിഷ്ഠിത പഠനത്തിന് അനുയോജ്യമായി സ്മാർട്ടാക്കി മാറ്റിയിട്ടുണ്ട്.

**നേട്ടങ്ങൾ**

2014-15 വർഷത്തിൽ വിദ്യാലയ വികസന സെമിനാർ, വിവിധ പ്ലാനിങ്ങ് സംഗമങ്ങൾ എന്നിവ വിളിച്ചുചേർത്തത് ഈ വിദ്യാലയത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയിട്ടുണ്ട്. വിദ്യാലയം അതിമനോഹരമായി പെയിന്റ് ചെയ്യുകയും ചുവരിൽ ചിത്രം വരയ്ക്കുകയും എല്ലാ ക്ലാസ്സുകളിലും ഫാൻ, സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ക്ലബ്ബുകളുടെ വകയായി ലഭിച്ച ലൈബ്രറി പുസ്തക ശേഖരം എടുത്തു പറയത്തക്കതാണ്.

2016-2017 അധ്യയന വർഷത്തിൽ എം.എൽ.എ യുടെ വകയായി ഒരു ക്ലാസ്സ് സ്മാർട്ട് ക്ലാസ്സ് റും ആക്കി മാറ്റിയത് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ഐ.ടി അധിഷ്ഠിത പഠനത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട്. 2019-20 ൽ ഒരു കുട്ടി എൽ.എസ്.എസ് ന് അർഹത നേടിയുണ്ട്. 2022-23 ൽ രണ്ടുകുട്ടികൾ എൽ.എസ്.എസ്. നേടിയിട്ടുണ്ട്.

**വിവിധ സംവിധാനങ്ങൾ:**

വിദ്യാലയത്തിന്റെ അക്കാദമിക, അനക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ടതുണ്ട്.

**എസ്.എസ്.ജി:**

പരിമിതമായ എസ്.എസ്.ജി സംവിധാനമാണ് നിലവിലുള്ളത്.

**പി.ടി.എ**

സ്കൂളിൽ കുട്ടികൾ വളരെ കുറവായതിനാലും പാവപ്പെട്ട കുട്ടികൾ മാത്രം ഈ വിദ്യാലയത്തെ ആശ്രയിക്കുന്നതിനാലും (മിക്കവാറും കൂലിപ്പണിക്കാരായ രക്ഷിതാക്കളുടെ മക്കൾ) സജീവമായ പി.ടി.എ സംവിധാനം നമുക്കിന്നില്ല. പണിത്തിരക്കുകാരണം യോഗങ്ങളിൽ പുരുഷ സാന്നിദ്ധ്യം എന്നും കുറവായാണ് കണ്ടുവരുന്നത്.

**വിവിധ ക്ലബ്ബുകളും സമിതികളും:**

- ജാഗ്രതാ സമിതി, ഗണിതക്ലബ്ബ്, സയൻസ്, പരിസ്ഥിതി, ആരോഗ്യ ശുചിത്വ ക്ലബ്ബുകൾ, ലൈബ്രറി എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാമ്പത്തിക പിന്തുണ പരിമിതമാണ്.

# പ്രവർത്തനക്രമം

## മലയാളം

**ലക്ഷ്യങ്ങൾ:**

- ⇨ എല്ലാ കുട്ടികളിലും അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനുമുള്ള ശേഷി ഉറപ്പാക്കുക.
- ⇨ കുട്ടികളിൽ അവരവരുടെ പ്രായത്തിനനുസരിച്ചതരത്തിൽ മികച്ച നിലയിൽ ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- ⇨ കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക-സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
- ⇨ ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു തേടുക (കഥ/പാട്ട്/ സംഭാഷണം/വിവരണം/ ഡയറി/ പോസ്റ്റർ/ സ്കിറ്റ് മുതലായവ).
- ⇨ ഇതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ⇨ ലൈബ്രറി ശാക്തീകരണം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| 1. പ്രീ ടെസ്റ്റ് ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രീ-ടെസ്റ്റ് നടത്തുക. | ജൂൺ ആദ്യവാരം | ക്ലാസ്സ് അധ്യാപകൻ |
| 2. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് ചർച്ച ചെയ്ത് എസ്.ആർ.ജിയിൽ തീരുമാനിക്കുക. | ജൂൺ, ജൂലായ് | |
| ❖ അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ | | |
| ❖ അക്ഷര കാർഡ്, വായന കാർഡ്, വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കൽ. | | |
| ❖ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ | | |
| ❖ അടിക്കുറിപ്പ് തയ്യാറാക്കൽ | | |
| ❖ ചിത്രം നോക്കി കഥ പറയൽ | | |
| ❖ കഥയുടെ ബാക്കി പറയൽ/എഴുതൽ | | |
| ❖ കഥാപുസ്തകം വായിക്കൽ | | |
| ❖ ചുമർചിത്രങ്ങളിൽ നിന്ന് വാക്യങ്ങൾ ഉണ്ടാക്കൽ | | |
| ❖ പിന്നോക്കക്കാർ സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് (പഠനവൈകല്യം) പ്രത്യേകക്ലാസ്സ് | | |
| 3. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിന്. | | |
| ❖ ക്ലാസ്സിൽ വായനാമൂല/ ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ | | |
| ❖ ചുമർചിത്രങ്ങളിൽ നിന്ന് വാക്യങ്ങൾ ഉണ്ടാക്കൽ | | |

| | | |
|---|---|---|
| ❖ പത്രവായന (ഉറക്കെ അസംബ്ലിയിൽ)<br>❖ വായനാനുഭവം പങ്കുവെയ്ക്കൽ<br>❖ വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് അസംബ്ലിയിൽ മൈക്കുപയോഗപ്പെടുത്തി വായിക്കൽ<br>❖ പാഠപുസ്തകം ഉറക്കെ വായിക്കൽ<br>❖ ചിത്രവായന, കഥ വായിക്കൽ<br>❖ വിവരണം, റിപ്പോർട്ട്, അറിയിപ്പ്, നോട്ടീസ്, ഡയറി ഉറക്കെ വായിക്കൽ<br>❖ സർഗ്ഗ വേള, ബാലസഭ ശക്തിപ്പെടുത്തൽ.<br>❖ കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ<br>❖ വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ (മധ്യ കാലം) | BRC, IED ട്രെയിനർ<br><br>ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| ❖ പതിപ്പ് നിർമ്മാണം.<br>❖ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ/ സ്കൂൾ തല പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതൽ<br>❖ സൂചനകളിൽ നിന്ന് കഥ വികസിപ്പിക്കൽ.<br>❖ കഥയുടെ ബാക്കി ഭാഗം എഴുതൽ<br>❖ വരി കൂട്ടിച്ചേർക്കൽ | ജൂൺ മുതൽ മാർച്ച് വരെ | |
| ❖ ചുമർ ചിത്രങ്ങളിൽ നിന്ന് കഥ ഉണ്ടാക്കൽ/ (വാക്യങ്ങൾ ഉണ്ടാക്കൽ പിന്നോക്കക്കാർക്ക്)<br>❖ സി.ഡബ്ല്യൂ. എസ്.എൻ- വാക്കു നിർമ്മാണം<br>❖ പതിപ്പ്<br>❖ കടങ്കഥ സ്വയം നിർമ്മിക്കൽ<br>❖ ലഘു വിവരണം, പോസ്റ്റർ നിർമ്മാണം<br>❖ അറിയിപ്പ്, ക്ഷണക്കത്ത് തയ്യാറാക്കൽ<br>❖ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്ക്രിറ്റ് തയ്യാറാക്കൽ- ബാല സഭയിൽ അവതരിപ്പിക്കൽ (സംഭാഷണം ഊന്നൽ) | എല്ലാ മാസവും<br><br>പാഠഭാഗത്തിനനുസൃതമായി | ക്ലാസ്സ് അധ്യാപകൻ |
| ❖ കഥകൾ കേൾപ്പിക്കുക. | സന്ദർഭാനുസരണം വൈവിദ്ധ്യത്തോടെ എല്ലാ മാസവും | ക്ലാസ് ടീച്ചർ |

| | | |
|---|---|---|
| ❖ മുഖം മൂടി നിർമ്മാണം സർഗ്ഗാത്മക പ്രവർത്തി പരിചയം<br>❖ ഓലപ്പന്ത്, പീപ്പി കളിയുപകരണ നിർമ്മാണം-പ്രവർത്തി പരിചയം<br>5. ലൈബ്രറി ശാക്തീകരണം (ദീർഘകാലം)<br>❖ കുട്ടികളുടെ നിലവാരത്തിനും പാഠഭാഗത്തിനനുസൃതമായി ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ<br>❖ പുസ്തകം യഥേഷ്ടം ലഭ്യമാകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നു.<br>❖ കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ അനുമോദിക്കൽ<br>❖ പിറന്നാൾ പുസ്തകം<br>❖ വായനാ മത്സരം. | ഓരോ മാസവും | പി.ടി.എ |
| **കാവ്യാവിഷ്ക്കാരം**<br>പാഠഭാഗത്തെ കവിതകളെ ആശയവ്യക്തതയ്ക്കായി കാവ്യാവിഷ്ക്കാരം എന്ന നൂതന പഠനരീതി ഉപയോഗിക്കുന്നു. കട്ട് ഔട്ടുകളും പശ്ചാത്തല സംഗീതവും ഇതിനായി പ്രയോജനപ്പെടുത്താം. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |
| **പാട്ടരങ്ങ്**<br>സമയബന്ധിതമായി ഓരോ ക്ലാസിലെയും കവിതാഭാഗങ്ങൾ ചേർത്ത് പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. ഈ മേഖലയിൽ പ്രശസ്തരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. | ജൂലൈ-മാർച്ച് | വിദ്യാരംഗം കൺവീനർ |
| **നാടറിയാം കല അറിയാം**<br>കലകളെ അറിയാനും നാടൻകലകളെ കുറിച്ച് അറിയാനുമായി നാടറിയാം കല അറിയാം പരിപാടി സംഘടിപ്പിക്കുന്നു. സമീപപ്രദേശത്തെ കലാകാരന്മാരുടെ സേവനം ഉപയോഗപ്പെടുത്തി കുട്ടികളിൽ കലാമൂല്യം വളർത്തുന്നു. പുതിയ കലകൾ കാണാൻ അവസരമൊരുക്കുന്നു. | ഡിസംബർ | H.M |
| **പുസ്തക പ്രദർശനം**<br>ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും കുട്ടികൾക്ക് കാണാനും മറിച്ച് നോക്കാനും അവസരം ഒരുക്കുന്നു. അഭിരുചിക്കനുസരിച്ച് പുസ്തകം കണ്ടെത്തുന്നു. | ജൂൺ | വിദ്യാരംഗം കൺവീനർ |

## ENGLISH

| ACTIVITES | DURATION | CHARGE |
|---|---|---|
| <u>Pre-test</u><br>• Matching words and objects<br>• Wrapper collection (Soap,paste etc....)<br>• Riddles, jigzopuzzles, jumpled words, jumpled letters<br>• making skit based on lessons<br>• Arrange English corner with flash cards short stories, poem, reading cards etc....<br>**<u>English assembly</u>**<br>• English Assembly in every Thursday led by the students. | **June - July** | **Class Teacher - SRG** |
| **<u>Activities</u>**<br>• Diary<br>• Thoughts<br>• Discription<br>• News reading etc... | **August September October** | |
| **Making Signboards**<br>Writing skills<br>1. opportunity for writing simple stories, rhymes etc....<br>2. Adding lines<br>3. Unit test<br>4. Diary<br>5. Letter<br>6. Announcement<br>7. Conversation<br>8. Magazine<br>9. Script writing<br>10. Proclamation writing | **November December** | |

| | | |
|---|---|---|
| **Reading skills**<br>1. Newspapper reading<br>2. Library book<br>3. Book review<br>4. Diary<br><br>**Games**<br>1. Playing games as a part of classroom activities<br>**English fest**<br>**Balasabha**<br>**Hello English activities** | **November December** | |

# ശാസ്ത്രം

**ലക്ഷ്യങ്ങൾ**

പരിസരവുമായി ഇടപഴകി- (നേരനുഭവങ്ങളിലൂടെ) ശാസ്ത്ര പ്രക്രിയാ ശേഷികളിലൂടെ ആശയ രൂപീകരണം സാധ്യമാക്കുക (നിരീക്ഷണം, പരീക്ഷണം, താരതമ്യം, അപഗ്രഥിച്ച് നിഗമനത്തിലെത്തുക.

1. പ്രവർത്തനാധിഷ്ഠിത ശാസ്ത്ര പഠനത്തിനുള്ള അവസരം ഒരുക്കുക (പരീക്ഷണ നിരീക്ഷണങ്ങൾക്ക്).
2. ശാസ്ത്രാവബോധം, ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക.
3. കൃഷി, തൊഴിലുകൾ, ആഭിമുഖ്യം വളർത്തുക.
4. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| ▪ ശാസ്ത്രമൂല ഒരുക്കൽ-1-4 വരെ ക്ലാസ്സുകളിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | മെയ് ജൂൺ | ക്ലാസ്സ് ടീച്ചർ |
| ▪ തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ തരം തിരിക്കൽ-ശാസ്ത്രമൂലിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ സംഘടിപ്പിക്കൽ, സാമഗ്രികൾ വാങ്ങൽ ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ ലിസ്റ്റ് തയ്യാറാക്കൽ. | | |
| ▪ ലഘു പരീക്ഷണ ശില്പശാല-1 മുതൽ 4 വരെ ക്ലാസ്സുകളിലെ പരീക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ കുട്ടികളും പരീക്ഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ട് (ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ചുകൊണ്ട്) നവംബർ:7 | നവംബർ | |
| ▪ ഫീൽഡ് ട്രിപ്പ്-കൃഷിയിടങ്ങൾ, നെയ്ത്തുശാല, തൊഴിൽ ശാലകൾ, പൊതു ഇടങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ മുതലായവ ഉളിയത്തു കടവ് | പാഠഭാഗവുമായി ബന്ധപ്പെടുത്തി യഥാ സമയങ്ങളിൽ | |
| ▪ നാട്ടു സസ്യങ്ങളെ പരിചയപ്പെടൽ | നവംബർ മാസം | |

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- |
| ▪ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ (വിദ്യാലയ പരിസരത്തുള്ളവയുടെ) ക്യാമ്പസ് ഒരു പാഠ പുസ്തകം<br>▪ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കൽ, പൂന്തോട്ടം എന്നിവ നിർമ്മിക്കൽ-ശലഭോദ്യാനം (ജൈവ വൈവിധ്യോദ്യാന നിർമ്മിതി)<br>▪ ശുചിത്വവുമായി ബന്ധപ്പെടുത്തി ബോധവത്കരണ ക്ലാസ്സ്.<br>▪ ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കൽ, ക്വിസ്സ് മത്സരങ്ങൾ<br>▪ ശാസ്ത്ര കഥകൾ, ശാസ്ത്രജ്ഞന്മാരുടെ വിവരങ്ങൾ ശേഖരിക്കൽ അവരുടെ കണ്ടുപിടിത്തങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അപഗ്രഥിച്ചറിയൽ<br>▪ ലഘുപ്രൊജക്ടുകൾ, പഠനയാത്രകൾ സംഘടിപ്പിക്കുക<br>▪ ഓരോ പരീക്ഷണങ്ങളുടെയും പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.<br>▪ വീട്ടിലും സ്കൂളിലും ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കൽ ഇതുവഴി നമുക്ക് ചുറ്റുമുള്ള ഔഷധ സസ്യങ്ങളെ തിരിച്ചറിയാനുള്ള നിരീക്ഷണ പാടവം ലഭിക്കുന്നു. | ദീർഘകാലം | |
| **ഭൂവൈവിധ്യങ്ങൾ അറിയാം**<br>വെള്ളച്ചാട്ടം, പള്ളം, പാറ, ചെങ്കൽമട, ഗുഹ, വനം തുടങ്ങിയ ഭൂവൈവിധ്യങ്ങൾ നേരിട്ടുകാണാൻ അവസരം ഒരുക്കൽ<br>**GK കോർണർ :** സ്കൂളിലെ ഒരു പ്രത്യേകസ്ഥലത്ത് ഓരോ ദിവസവും കുട്ടിയുടെ വൈജ്ഞാനിക വികാസം ലക്ഷ്യം വച്ചുകൊണ്ടുള്ള ഓരോ ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു. ഉത്തരം കുട്ടി തന്റെ അന്വേഷണ പഠനത്തിലൂടെ കണ്ടെത്തുന്നു.<br>**ഭൂപടപഠനം** : ദിക്കുകളുടെ ധാരണ ഉറപ്പിച്ച് ജില്ല, സംസ്ഥാന, രാജ്യഭൂപടങ്ങൾ പരിചയപ്പെടുത്തൽ ധാരണ രൂപീകരിക്കൽ | സെപ്തംബർ<br>ഒക്ടോബർ | |

| | | |
|---|---|---|
| **പ്രദർശനം സംഘടിപ്പിക്കുക**<br>സ്റ്റാമ്പ്, നാണയം, പഴയകാലസാധനങ്ങൾ, ശാസ്ത്രജ്ഞരുടെ ഫോട്ടോ, ഇല, വിത്ത്, വേര് മുതലായവ<br>വീഡിയോ പ്രദർശനം<br>ചരിത്രസ്ഥലങ്ങൾ<br>പാരമ്പര്യതൊഴിലുകൾ<br>ലോകാത്ഭുതങ്ങൾ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ<br>ബുള്ളറ്റിൻബോർഡ് | | |
| **യോഗ പരിശീലനം**<br>സ്കൂളിൽ കളിസ്ഥലമില്ലാത്തതിനാൽ കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസം മുൻനിർത്തി യോഗ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നു. | സെപ്തംബർ മുതൽ | |
| **പ്രഥമശുശ്രൂഷ ക്ലാസ്**<br>സ്വയരക്ഷയ്ക്കും മറ്റുള്ളവരെ സഹായിക്കാനുമായി കുട്ടികൾക്ക് പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ കഴിവ് തെളിയിച്ചവരുടെ നേതൃത്വത്തിൽ പഠനക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | |
| **പഠനയാത്ര -തീരദേശം**<br>തീരദേശ പ്രകൃതി സൗന്ദര്യവും ജീവിത രീതിയും അറിയാനും ആസ്വദിക്കാനുമായി ഇത്തരം പ്രദേശങ്ങളുൾച്ചേർത്ത് യാത്ര സംഘടിപ്പിക്കുന്നു. | SS ക്ലാസ് | SRG |
| **കളിമൺ ശിൽപശാല**<br>കളിമൺ ശില്പങ്ങൾ നിർമ്മിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | HM |
| **രംഗോലി**<br>മണൽ, വിത്ത്, ധാന്യങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് രംഗോലി നിർമ്മിക്കുന്നു. | നവംബർ | HM |

## ഗണിതം

**ലക്ഷ്യങ്ങൾ:**

1. അടിസ്ഥാനശേഷി വികസിപ്പിക്കൽ- ഹ്രസ്വകാലം.
2. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യത്തിലെത്തുന്നതിനും പ്രാപ്തരാക്കുക, മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തുക.
3. ഗണിതം മധുരതരമാക്കുക.
4. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക.
5. കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ▪ പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാനശേഷി നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തൽ<br>▪ പരിഹാര പ്രവർത്തനങ്ങൾ തയ്യാറാക്കൽ (SRG) പഠനാനുഭവങ്ങൾ നൽകൽ.<br>▪ ഗണിത കിറ്റിൽ ആവശ്യമായവ സംഘടിപ്പിക്കൽ/ മഞ്ചാടി, വളപ്പൊട്ട്, കമ്പുകെട്ട്, പുളിങ്കുരു, കറൻസി നോട്ട് നിർമ്മാണം, നാണയം ആവശ്യമെങ്കിൽ പഠനോപകരണ ശില്പശാല സംഘടിപ്പിക്കൽ, പാട്ട് രൂപങ്ങൾ, കണക്കിലെ കളികൾ, പസ്സിലുകൾ | ജൂൺ ആദ്യവാരം<br><br>ജൂൺ, ജൂലായ് | PTA BRC ട്രെയിനർ.<br><br>ക്ലാസ്സ് ടീച്ചർ |
| ▪ ചെറിയ ക്ലാസ്സുകളിൽ വെച്ചു തന്നെ പ്രയോഗിക പ്രശ്നങ്ങൾക്ക് ഊന്നൽ നൽകൽ-മനഃക്കണക്കിന് പ്രാധാന്യം നൽകൽ ടെസ്റ്റ് ബുക്കിലെ പ്രവർത്തനങ്ങൾക്ക് പുറമെ നിത്യജീവിതവുമായി ബന്ധപ്പെട്ടവ.<br>▪ മെട്രിക്ക് പ്രവർത്തനങ്ങൾ-വ്യത്യസ്ത അളവുകൾ, ഭാരം, നീളം, ഉള്ളളവ് എന്നിവയുടെ ഏകകങ്ങൾ പരിചയപ്പെടൽ.<br>▪ മെട്രിക്ക് അളവുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ മെട്രിക്ക് മേള സംഘടിപ്പിക്കൽ, പ്രദർശനം.<br>▪ ഗണിത ക്ലബ്ബ്: പസിലുകൾ സംഘടിപ്പിക്കൽ, ബാലമാസികകളിൽ നിന്നും മറ്റും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ, ഗണിത പാറ്റേണുകൾ. | | |

| | | |
|---|---|---|
| ▪ വിവര സാങ്കേതിക വിദ്യ (ഐ.ടി)യുമായി ഗണിത പഠനത്തെ ബന്ധിപ്പിക്കൽ<br>▪ കലണ്ടർ പഠിക്കാം: കലണ്ടറിനെക്കുറിച്ചുള്ള പ്രായോഗിക ധാരണകൾ സൃഷ്ടിക്കൽ<br>▪ ജ്യോമെട്രിക്കൽ ഫിഗറുകൾ പരിചയപ്പെടൽ : വ്യത്യസ്ത ജ്യോമെട്രിക്കൽ രൂപങ്ങൾ വരക്കൽ പഠിപ്പിൽ<br>▪ സ്കൂൾ സൂപ്പർമാർക്കറ്റ് : വ്യത്യസ്ത സാധനങ്ങൾ (നോട്ട്, പേന, പെൻസിൽ, ലൈബ്രറി പുസ്തകങ്ങൾ, സോപ്പ് മുതലായവ) ക്രമീകരിച്ച് കുട്ടികൾക്ക് ക്രയവിക്രയം നടത്താനുള്ള അവസരം നടത്തുന്നു.<br>▪ ടാൻഗ്രാം : നിർമ്മാണം – പരിശീലനം<br>▪ ഒറിഗാമി : നിർമ്മാണം – പരിശീലനം<br>▪ അളക്കാം പഠിക്കാം : വ്യത്യസ്ത അളവുപകരണങ്ങൾ പ്രദർശിപ്പിച്ച് കൃത്യമായി അളന്നുകൊടുക്കാൻ പ്രാപ്തരാക്കുന്നു.<br>▪ ഗണിതവിജയം- ഉല്ലാസഗണിതം : ഗണിത വിജയം -ഉല്ലാസഗണിതം പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം അന്തരീക്ഷത്തിൽ പരിപോഷിപ്പിക്കുന്നു. | ജൂൺ, ജൂലായ്<br><br>പാഠഭാഗ വുമായി ബന്ധപ്പെട്ട് വർഷം മുഴുവനായി | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ<br><br>SSG<br><br>SSG |
| ▪ ഗണിതക്കളികൾ : ഗണിതക്കളികൾ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നു<br>▪ വരക്കാം പഠിക്കാം : അക്കച്ചിത്രങ്ങൾ വരച്ച് പരിശീലിപ്പിക്കുന്നു. | | |

ക്ലാസ് I to IV

## അറബിക്

**പ്രശ്നം (1)** സ്വതന്ത്ര്യ വായനക്ക് പ്രയാസം നേരിടുന്നു.

**ലക്ഷ്യം:** എല്ലാ കുട്ടികളെയും മികച്ച വായനക്കാർ ആക്കുക
തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ❖ അക്ഷര വായന | ജൂൺ-ജൂലൈ | ഭാഷാ |
| ❖ ക്ലാസ് വായന | " | അധ്യാപകൻ |
| ❖ ചിത്ര വായന | " | |
| ❖ ലൈബ്രറി വായന | നവംബർ- | |
| ❖ വീടു വായന | ഡിസംബർ | |
| ❖ മാഗസിൻ വായന | " | |
| ❖ കഥാവായന | " | |
| ❖ വായനാ മത്സരങ്ങൾ | ജൂൺ- മാർച്ച് | |
| ❖ മോണിറ്ററിംഗ് | " | |
| ❖ വാക്യനിർമ്മാണം | " | |
| ❖ ഇ- വായന | " | |

**പ്രശ്നം (2) സ്വതന്ത്ര്യ ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു.**

**ലക്ഷ്യം: അറബി ഭാഷ സംസാരിക്കുന്നതിന്**

**ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ❖ WALK WITH ARABIC | ജൂലൈ- മാർച്ച് | ഭാഷാ |
| ❖ ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | ജൂലൈ- മാർച്ച് | അധ്യാപിക |
| ❖ ലാംഗ്വേജ് ഗെയിംസ് | | |
| ❖ റോൾ പ്ലേ | | |
| ❖ ക്ലാസ് സംഭാഷണം | ആഗസ്റ്റ്- | |
| ❖ കാർട്ടൂൺ | ഫെബ്രുവരി | |
| ❖ പ്രദർശനം | | |
| ❖ പദസമ്പത്ത് വർദ്ധിപ്പിക്കൽ | | |

**പ്രശ്നം (3) പദസമ്പത്തിന്റെ കുറവ്**

**ലക്ഷ്യം: അറബിഭാഷാ എഴുത്തിന്റെ പരിപോഷണം**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ❖ അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂൺ- മാർച്ച് | ഭാഷാ |
| ❖ പദങ്ങൾ ഉറപ്പിക്കൽ | | അധ്യാപിക |
| ❖ ചിഹ്നങ്ങൾ ഉറപ്പിക്കൽ | | |
| ❖ കൂട്ടി എഴുത്ത് | | |
| ❖ അക്ഷരക്കാർഡ് നിർമ്മാണം | ജൂൺ- മാർച്ച് | |
| ❖ കൈയ്യെഴുത്ത് മാസിക | | |
| ❖ ചുമർപത്രിക നിർമ്മാണം | ഡിസംബർ | |
| ❖ ചാർട്ടെഴുത്ത് | സെപ്തംബർ | |
| ❖ ചിത്രകഥ നിർമ്മിക്കൽ | | |
| | ഫെബ്രുവരി മാർച്ച് | |
| **<u>TRANLATION</u>**<br>Malayalam to Arabic<br>Arabic to Malayalam<br>Arabic to English<br>English to Arabic | ജൂൺ- മാർച്ച് | |

## മുന്നോക്ക പ്രവർത്തനങ്ങൾ

**A day for English**

ആഴ്ചയിൽ ഒരു ദിവസം(വ്യാഴം) സ്കൂൾക്യാമ്പസിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുക.

**Todays Word**

എല്ലാ ദിവസവും ഒരു പുതിയവാക്ക് കുട്ടികളെ പരിചയപ്പെടുത്താനായി പ്രദർശിപ്പിക്കുന്നു.

ബിഗ്ബുക്കായി വാക്കുകൾ സൂക്ഷിച്ച് തുടർവായനയ്ക്കായി നൽകുന്നു.

**Todays Sentence**

ആഴ്ചയിൽ രണ്ടോ മൂന്നോ വാചകങ്ങൾ ഇംഗ്ലീഷ് അറബിഭാഷകളിൽ പൊതുവായി പ്രദർശിപ്പിക്കുന്നു. അർത്ഥം ഉൾകൊണ്ട് കൊണ്ട് കുട്ടിയിൽ വാചകം ഉറപ്പിക്കുന്നു. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ചോദ്യങ്ങളും നിർദ്ദേശങ്ങളും

**കുസൃതിക്കുടുക്ക**

ഓരോ ദിവസവും കുസൃതിക്കുടുക്കയിൽ യുക്തിചിന്ത വളർത്തുന്ന ഓരോ ഗണിതചോദ്യങ്ങൾ ഒട്ടിക്കുന്നു.തൊട്ടടുത്ത ദിവസം ഉത്തരം പ്രദർശിപ്പിക്കുന്നു. ഉത്തരം കണ്ടെത്തിയവരെ അഭിനന്ദിക്കുന്നു.

**കത്തുപെട്ടി/ സ്കൂൾതപാൽ**

സങ്കേതിക വിദ്യയുടെ വളർച്ചയിൽ അന്യം നിന്നുപോകുന്ന കത്ത് എന്ന വ്യവഹാരരൂപത്തെ തിരിച്ച് പിടിക്കാൻ കത്ത്പെട്ടി സ്ഥാപിക്കുന്നു. തപാൽപെട്ടി യുടെ അതേ രൂപത്തിലും നിറത്തിലും പെട്ടി സ്ഥാപിക്കുന്നു. ഇതിൽ കുട്ടികൾക്ക് കൂട്ടുകാർക്കും അധ്യാപകർക്കും കത്തുകൾ അയക്കാം. കുട്ടികളിൽ ഒരാൾ പോസ്റ്റ്മാനായി കത്തുകൾ വിതരണം ചെയ്യുന്നു.

**സ്കൂൾ അസംബ്ലി**

ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി (ചൊവ്വ- മലയാളം, വ്യാഴം- ഇംഗ്ലീഷ്)

പത്രവായന

ഡയറിവായന

ഓരോ ദിവസവും ഒരു ക്ലാസ്സിന് അസംബ്ലി ചുമതല

**ആകാശവാണി റേഡിയോ**

ഓരോ ക്ലാസ്സിലും സ്പീക്കറുകൾ സ്ഥാപിച്ച് ആകാശവാണി പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

വാർത്താവായന

അറിയിപ്പുകൾ/ നിർദ്ദേശങ്ങൾ നൽകൽ

കഥ/കവിത അവതരണം

പ്രശസ്തരായ വ്യക്തികളെ പരിചയപ്പെടുത്തൽ
മികച്ച ഡയറിവായന

**സ്കൂൾ പാർലമെന്റ്**
സ്കൂൾപാർലമെന്റിലെ അംഗങ്ങളെ തെരഞ്ഞെടുത്ത് മാസത്തിലൊരിക്കൽ പാർലമെന്റ് ചേരുന്നു.

**ബാലസഭ (ആഴ്ചയിൽ)**
കടൽത്തീരത്ത് മണൽശിൽപ്പമൊരുക്കൽ
കുട്ടികളിൽ നിർമ്മാണ നൈപുണി, ഭാവന, സർഗ്ഗത്മകത എന്നിവ പോഷിപ്പിക്കുന്നതിന്.

**ഫിലിം ഫെസ്റ്റ്**
ലോകപ്രശസ്ത സിനിമകൾ കുട്ടികൾക്കായി പരിചയപ്പെടുത്താൻ ഫിലിംഫെസ്റ്റ് സംഘടിപ്പിക്കുന്നു. കുട്ടികളുടെ സിനിമകൾക്ക് പ്രാധാന്യം നൽകി ആശയം ചർച്ച ചെയ്യുന്നു. ആസ്വാദനകുറിപ്പ് എഴുതിക്കുന്നു.

## പിന്നോക്ക പ്രവർത്തനങ്ങൾ

- ✦ അക്ഷരം ഉറപ്പിക്കൽ
- ✦ ചിഹ്നം ഉറപ്പിക്കൽ
- ✦ ലഘുവാക്യങ്ങൾ എഴുതി ഉറപ്പിക്കൽ
- ✦ അക്ഷരചിത്രം വരയ്ക്കൽ
- ✦ പോസ്റ്റർ രചന പരിശീലിപ്പിക്കൽ
- ✦ വർക്ക്ഷീറ്റുകൾ നൽകൽ
- ✦ ഫ്ളാഷ് കാർഡുകൾ നൽകൽ
- ✦ കളിനോട്ടുകളി
- ✦ സെന്റൻസ്ട്രിപ്പുകളികൾ
- ✦ ജിഗ്സോപസിൽ
- ✦ കുത്തുകൾ വരച്ച് യോജിപ്പിക്കൽ
- ✦ കോപ്പി എഴുതിക്കൽ

## അനുബന്ധ പ്രവർത്തനങ്ങൾ

## മേഖല 1 : ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ

**ലക്ഷ്യം:**

ആകർഷകവും ശിശു സൗഹാർദവും ആധുനിക സൗകര്യങ്ങളോടും കൂടിയ പഠനാന്തരീക്ഷം ഉറപ്പ് വരുത്തുന്നു.

**പ്രവർത്തനങ്ങൾ**

- ചുറ്റുമതിൽ പൂർത്തീകരണവും ഗേറ്റ് സ്ഥാപിക്കൽ, വഴി, ഇന്റർലോക്ക് ചെയ്യൽ നെയിം ബോർഡ് സ്ഥാപിക്കൽ.
- എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പാചകപ്പുരയും ആവശ്യത്തിന് പാത്രങ്ങളും ഒരുക്കൽ.
- സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് അഡാപ്റ്റഡ് ടോയ്‌ലറ്റ്.
- വായനമുറിയിലേക്കാവശ്യമായ മേശ, കസേര, ഷെൽഫ്, പത്രങ്ങൾ സ്പോൺസർ ചെയ്യിക്കൽ.
- നിലവിലുള്ള പൂന്തോട്ടം, ഔഷധത്തോട്ടം ഇവ വിപുലമാക്കാനുള്ള ഏർപ്പാട്, ശലഭോദ്യാനം.
- എല്ലാ ക്ലാസ്സിലും ടൈൽസ് പാകൽ.
- എല്ലാ കുട്ടികൾക്കും ചങ്ങാതി ബെഞ്ച്
- എല്ലാ ക്ലാസ്സിലും ആവശ്യത്തിനു ലാപ്ടോപ്പ്, പ്രൊജക്റ്റർ
- ചിൽഡ്രൺസ് പാർക്ക്
- വിദ്യാലയ പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്നത് തടയൽ, ഇന്റർലോക്ക് ചെയ്യൽ.

## മേഖല 2- ആരോഗ്യം, പോഷകാഹാരം, ശുചിത്വം.

**ലക്ഷ്യങ്ങൾ:**

ആരോഗ്യ ശീലങ്ങൾ പാലിക്കൽ

☑ പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ തന്റെ കർമ്മമാണ് എന്ന് മനസ്സിലാക്കൽ.

☑ എല്ലാ കുട്ടികൾക്കും ആരോഗ്യ സംരക്ഷണം പോഷകാഹാരം ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പാക്കൽ.

**പ്രവർത്തനം**

✦ ആരോഗ്യ പരിശോധന നടത്തൽ.
✦ ആരോഗ്യ ബോധവത്കരണം-ക്ലാസ്സ് പി.ടി.എകളിൽ ചർച്ച.
✦ ഉച്ച ഭക്ഷണക്കമിറ്റി ശാക്തീകരണം.
✦ പോഷകസമൃദ്ധമായ ഭക്ഷണ മെനു തയ്യാറാക്കൽ.
✦ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ.
✦ ഭക്ഷണശീലവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം.
✦ ഇലക്കറികൾ പരിചയപ്പെടൽ, ജന്മദിന ഇലത്തോരൻ.

**മാലിന്യ നിർമ്മാർജ്ജനം**

- ഓരോ ക്ലാസ്സിലും വേസ്റ്റ് ബാസ്ക്കറ്റ്.
- ക്ലാസ്സിലും സ്കൂളിലും വ്യക്തി ശുചിത്വ സൂചകങ്ങൾ പ്രദർശിപ്പിക്കൽ.

## മേഖല 3: നിരന്തര വിലയിരുത്തൽ

- കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
- പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- രക്ഷിതാക്കൾ എങ്ങിനെയൊക്കെ സഹായിക്കണം- വിശദമാക്കൽ.
- ടീച്ചറിംഗ് മാന്വലിൽ നിരന്തര വിലയിരുത്തൽ.
- യൂണിറ്റ് ടെസ്റ്റ്- പഠന പുരോഗതി സി.പി.ടി.എ അറിയിക്കൽ.
- എസ്.ആർ.ജിയിൽ ചർച്ച ചെയ്യൽ
- ക്ലാസ്സ് മോണറ്ററിംഗ്.
- ടേം മൂല്യ നിർണ്ണയ ഫലങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യൽ- പങ്കുവെക്കൽ.
- നോട്ട്ബുക്ക് സമഗ്രമാക്കൽ- രക്ഷിതാക്കൾക്ക് ചുമതല.
- പോർട്ട് ഫോളിയോ ചിട്ടപ്പെടുത്തൽ- പി.ടി.എ യിൽ പ്രദർശിപ്പിക്കൽ.
- മികച്ചവയ്ക്ക് അംഗീകാരം.

## മേഖല 4 പ്രീ-പ്രൈമറി ശാക്തീകരണം

**ലക്ഷ്യം:**

- സ്കൂളിൽ കുട്ടികളുടെ പ്രവേശനം കൂട്ടുക.
- പഠനരീതി ആധുനിക ശാസ്ത്ര രീതിക്കനുസരിച്ച് ശിശു കേന്ദ്രീകൃതമാക്കുക.

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| പ്രീ-പ്രൈമറി ശാക്തീകരണം: അതാതു ക്യാച്ച്മെന്റ് ഏരിയയിലെ എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുമെന്ന് ഉറപ്പു വരുത്തുക. പഠനം ശാസ്ത്രീയമാക്കുക (ശിശു കേന്ദ്രീകൃതം)<br>☑ ഇതിനായി 4 മുതൽ 5 വരെ പ്രായമുള്ള എല്ലാ കുട്ടികളെയും പ്രീ പ്രൈമറിയിൽ ചേർക്കുന്നതിന് ഗൃഹസന്ദർശനം നടത്തുക. | വാർഡ് മെമ്പർ, പഞ്ചായത്ത്, പിടി.എ<br><br>ഏപ്രിൽ-മെയ് |

| | |
|---|---|
| ☑ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ വിതരണം.( <br> ☑ പ്രീ പ്രൈമറിയിൽ പി.ടി.എ വകയായി ആയയെ നിയമിക്കുക. (ആയയെ സർക്കാർ നിയമനമില്ലാത്തതിനാൽ) <br> ☑ സാമ്പത്തികം പി.ടി.എ വഹിക്കുക | പിടി.എ <br> സമൂഹ പങ്കാളിത്തം |

**മേഖല 4 എസ്.ആർ.ജി ശാക്തീകരണം**

| | |
|---|---|
| ❖ എല്ലാ ആഴ്ചകളിലും കൃത്യമായ അജണ്ട വെച്ച് ഫലപ്രദമായി നടത്തുക. <br> ❖ ക്ലാസ്സ് റൂം പ്രശ്നങ്ങൾ ചർച്ച പരിഹാരപ്രവർത്തനങ്ങൾ തീരുമാനിക്കൽ. <br> ❖ ക്ലാസ്സ് പി.ടി.എ ശക്തമാക്കൽ. <br> ❖ പി.ടി.എ /എസ്.എം.സി/ എസ്.എസ്.ജി. പൂർവ്വ വിദ്യാർത്ഥി ശാക്തീകരണം <br> ❖ വാർഷികം | എസ്.ആർ.ജി കൺവീനർ <br> പി.ടി.എ/ എസ്.എം.സി/ എസ്.എസ്.ജി പൂർവ്വ വിദ്യാർത്ഥികൾ |

**പ്രവർത്തനക്രമം**

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| അടിസ്ഥാനശേഷി വികസനം | കുട്ടിയെ മികച്ച വായനക്കാരൻ ആക്കൽ | ജൈവ വൈവിധ്യോദ്യാന നിർമ്മിതി |
| ഭാഷ-മലയാളം, ഇംഗ്ലീഷ് | മലയാളം ഇംഗ്ലീഷ് | ഭൗതിക സാഹചര്യമൊരുക്കൽ |
| ഗണിതം-അടിസ്ഥാന ശേഷി വികസനം | സ്റ്റോറി ടെല്ലിംഗ് | ചുറ്റുമതിൽ പൂർത്തീകരണം |
| ഇ.വി.എസ്-അടിസ്ഥാനശേഷി വികസനം | ക്ലാസ്സ് മുറികൾ സ്മാർട്ട് ആക്കൽ | ചുറ്റുപാടും ഇന്റർലോക്ക് ചെയ്യൽ |
| ഐ.ടി-അടിസ്ഥാനശേഷി വികസനം | പ്രീ-പ്രൈമറി ശാക്തീകരണം | എല്ലാ ക്ലാസ്സ് റൂമിലും, ബാത്ത് റൂമിലും വരാന്തയിലും ടൈൽസ് പാകൽ |
| എന്റോൾമെന്റ് | ആയ-നിയമനം | എല്ലാ കുട്ടികൾക്കും ചങ്ങാതി ബെഞ്ച് |
| ആരോഗ്യശീലങ്ങൾ പാലിക്കൽ | സമൂഹ പങ്കാളിത്തം | ചിൽഡ്രൻസ് പാർക്ക് തയ്യാറാക്കൽ |

| | | |
|---|---|---|
| നിരന്തരവിലയിരുത്തൽ<br>സ്കൂൾ അസംബ്ലി<br>ദിനാചരണങ്ങൾ<br>ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ബാലസഭ | ആരോഗ്യം-<br>പോഷകാഹാര ശുചിത്വം | |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിന്റെ ലക്ഷ്യത്തിലെത്താൻ അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ സംഘടനാ പ്രവർത്തകർ, സാംസ്ക്കാരിക സംഘടനാ പ്രവർത്തകർ, കൂടാതെ സർക്കാർ, സർക്കാതിര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയും പ്രവർത്തനവും സഹകരണവും ഉറപ്പു വരുത്തി 'വിദ്യാലയ മികവ്' എന്ന ആശയം പ്രാവർത്തിമാക്കാനുതകുന്ന വിധം പദ്ധതി അവതരിപ്പിച്ചുകൊള്ളുന്നു.